# സദൃശ്യവാക്യങ്ങളിൽ നിന്ന് ജ്ഞാനത്തിൻറെ അഭ്യസനം

സാക് പുന്നൻ

WFTW 25 ജൂൺ 2017

സദൃശ്യവാക്യങ്ങൾ 10:12 'സ്നേഹം സകല പാപങ്ങളെയും മറയ്ക്കുന്നു' പത്രൊസ് തൻറെ ലേഖനത്തിൽ ഇത് ഉദ്ധരിച്ചിരിക്കുന്നു. ( 1 പത്രെ 4:8). നിങ്ങൾ വാസ്തവമായി ഒരു വ്യക്തിയെ സ്നേഹിക്കുന്നെങ്കിൽ നിങ്ങൾ അയാളുടെ ബലഹീനതയെ തുറന്നു കാട്ടാതെ അതിനെ മറയ്ക്കുന്നു. അങ്ങനെയാണ് ദൈവം നമ്മോട് ഇടപെട്ടിട്ടുള്ളത്. അവിടുന്ന് നമ്മുടെ കഴിഞ്ഞകാല പാപങ്ങളെ ആർക്കും തുറന്നു കാട്ടിയിട്ടില്ല. ദൈവം നമ്മോടു പെരുമാറിയിട്ടുള്ള അതേ വിധത്തിൽ തന്നെ നാം മറ്റുള്ളവരോടും പെരുമാറണം. നിങ്ങൾക്കു ജ്ഞാനിയാകണമെങ്കിൽ, പ്രിയ സഹോദരീസഹോദരന്മാരെ, ഞാൻ നിങ്ങളുടെ യൗവനപ്രായത്തിൽ ഒരു ചെറിയ ഉപദേശം നിങ്ങൾക്ക് തരട്ടെ, ആരെ എങ്കിലും കുറിച്ച് നിങ്ങൾക്ക് മോശമായ ഒരു കഥ അറിയാമെങ്കിൽ, ആ കഥ നിങ്ങളോടുകൂടെ മരിക്കട്ടെ. നിങ്ങൾ ചുറ്റുപാടുംനടന്ന് അതിനെക്കുറിച്ച് പറയാതിരിക്കുക. നിങ്ങൾ അതു ചെയ്താൽ ദൈവം നിങ്ങളെ മാനിക്കും, പ്രത്യേകിച്ച് അത് അവിടുത്തെ മക്കളിൽ ഒരാളെ കുറിച്ചുള്ള ദോഷകരമായ കഥകളാണെങ്കിൽ, അവിടുന്നു നിങ്ങളെ പ്രത്യേകം സ്നേഹിക്കും. തൻറെ കുഞ്ഞ് തെറ്റായ ചില കാര്യങ്ങൾ ചെയതുപോയ ഒരു പിതാവിനെക്കുറിച്ച് ചിന്തിക്കുക, അതിനെക്കുറിച്ച് ചില കാര്യങ്ങൾ എനിക്കറിയാം എങ്കിലും അദ്ദേഹത്തിൻറെ മകൻ ചെയ്ത കാര്യങ്ങളെക്കുറിച്ച് ഞാൻ ഒരിക്കലും ആരോടും പറയുന്നില്ല. അങ്ങനെയാണെങ്കിൽ ആ പിതാവ് എന്നെ വളരെയധികം സ്നേഹിക്കും എന്ന് നിങ്ങൾ കരുതുന്നില്ലേ. അതുപോലെ നാം അവിടുത്തെ മക്കളെ സ്നേഹത്തോടെ കൈകാര്യം ചെയ്യുന്നതു കാണുമ്പോൾ ദൈവവും നമ്മോടു അങ്ങനെതന്നെ ചെയ്യും. സദൃശ്യവാക്യങ്ങൾ 17:9 പറയുന്നു.' ലംഘനം മറയ്ക്കുന്നവൻ സ്നേഹം അന്വേഷിക്കുന്നു'. ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും തെറ്റു ചെയ്തോ? ആരെങ്കിലും നിങ്ങളെ മുറിവേൽപ്പിക്കുകയോ നിങ്ങളെ അധിക്ഷേപിക്കുകയോ ചെയ്തോ? അതു ക്ഷമിക്കുകയും മറക്കുകയും ചെയ്യുക. ഒരു ദൈവ ഭക്തൻ നടക്കുന്ന സ്നേഹത്തിൻറെ മാർഗ്ഗം അതാണ്.

സദൃശ്യവാക്യങ്ങൾ 11:24 ' ഒരുവൻ വാരിവിതറിയിട്ടും അയാൾക്ക് സമൃദ്ധി ഉണ്ടാകുന്നു'. ഇത് ക്രിസ്തീയ ജീവിതത്തിൻറെ വിരോധാഭാസങ്ങളിൽ ഒന്നാണ്. കൂടുതൽ കൊടുക്കുന്നവൻ കൂടുതൽ പ്രാപിക്കുന്നു, കാരണം ദൈവം അവനെ അനുഗ്രഹിക്കുന്നു. ലുബ്ധനായ ഒരുവൻ, ദരിദ്രനായി തീരുന്നു. ഒരു പിശുക്കൻ മാനസാന്തരപ്പെടുമ്പോൾ, അയാൾ മഹാമനസ്കനായി തീരുന്നു. യേശു തൻറെ ശിഷ്യന്മാരോടു പറഞ്ഞു, 'സൗജന്യമായി നിങ്ങൾ പ്രാപിച്ചിരിക്കുന്നു, സൗജന്യമായി കൊടുക്കുക'. ദൈവം നമുക്ക് അനേകം കാര്യങ്ങൾ സൗജന്യമായി തന്നിട്ടുണ്ട്. നാം മറ്റുള്ളവർക്ക് സൗജന്യമായി കൊടുക്കുകയും വേണം. സുവിശേഷങ്ങളിൽ പറഞ്ഞിരിക്കുന്ന ആ വിധവയ്ക്ക്, രണ്ട് ചില്ലിക്കാശ് മാത്രമെ ഉണ്ടായിരുന്നുള്ളൂ. അവൾക്കുണ്ടായിരുന്നത് അവൾ കൊടുത്തു. അതു കൊണ്ട് ദൈവം അവളെ മാനിച്ചു എന്നും, അവൾക്ക് ഒരു കുറവും അനുഭവിക്കേണ്ടി വന്നതുമില്ല എന്ന കാര്യത്തിൽ എനിക്ക് ഉറപ്പുണ്ട്. സദൃ ശ്യവാക്യങ്ങൾ 11:25ൽ ' വെള്ളം ഒഴിച്ചു കൊടുക്കുന്നവന് വെള്ളം കിട്ടും'എന്നു പറഞ്ഞിരിക്കുന്നു. ദൈവം നിങ്ങളെ നനയ്ക്കുകയും നിങ്ങളെ പുതുതാക്കുകയും ചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങൾ മറ്റുള്ളവരെ നനയ്ക്കണം. മിക്ക ക്രിസ്ത്യാനികളും എന്തുകൊണ്ട് പുതുമ നഷ്ടപ്പെട്ട് വരണ്ട അവസ്ഥയിലായിരിക്കുന്നു? കാരണം ദൈവം അവരെ നനയ്ക്കുന്നില്ല. എന്തുകൊണ്ട് ദൈവം അവരെ നനയ്ക്കുന്നില്ല? കാരണം അവർ മറ്റുള്ളവരെ നനയ്ക്കുന്നില്ല. മറ്റുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കുവാനും നിങ്ങൾക്ക് അവരെ എങ്ങനെ അനുഗ്രഹിക്കാമെന്നുള്ള കാര്യം അന്വേഷിക്കുവാനും തുടങ്ങുക. അപ്പോൾ ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കുന്നതായി നിങ്ങൾ കണ്ടെത്തും.

സദൃശ്യവാക്യങ്ങൾ 15:13 ' ഒരു സന്തുഷ്ട ഹൃദയം മുഖത്തിനു പ്രസന്നത ഉളവാക്കുന്നു' ഹൃദയത്തിലുള്ള സന്തോഷമാണ് മുഖത്തു പ്രകാശം കൊണ്ടുവരുന്നത്. ' സന്തുഷ്ടഹൃദയത്തിന് എന്നും ഉത്സവം തന്നെ' (സദൃശ്യ 15:15) സദൃശ്യവാക്യങ്ങളിൽ നമ്മുടെ ജീവിതം സന്തോഷമുള്ളതാകുന്ന കാര്യത്തിന് ഒരു വലിയ ഊന്നൽ നൽകിയിട്ടുണ്ട്. ' സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധം' (സദൃശ ്യവാക്യങ്ങൾ 17:22). അതു കൊണ്ട് സന്തോഷത്തിന് നമ്മെ ആരോഗ്യമുള്ളവരാക്കാനും കഴിയും. ദൈവരാജ്യം വെറും നീതിയല്ല, എന്നാൽ പരിശുദ്ധാത്മാവിലുള്ള സന്തോഷത്തോട് കൂടിയ നീതിയാണുള്ളത്. പഴയ നിയമത്തിൽ അവർക്കുണ്ടായിരുന്നത് സന്തോഷം കൂടാതെയുള്ള നീതിയായിരുന്നു. ഇപ്പോൾ നമുക്ക് സന്തോഷത്തോടുകൂടിയ നീതിയാണുള്ളത്. യേശുവിനെ അനുഗമിക്കുന്നതിനാൽ നമ്മുടെ ചുവടുകളിൽ ഒരു കുതിപ്പുണ്ട്, നമ്മുടെ ഹൃദയങ്ങളിൽ ഒരു ഗാനമുണ്ട്, നമ്മുടെ മുഖത്ത് ഒരു പ്രകാശമുണ്ട്.

സദൃശ്യവാക്യങ്ങൾ 16:18 'നിഗളം നാശത്തിൻറെ മുന്നോടിയാണ് ഉന്നതഭാവം വീഴ്ചയുടെയും'. ആരെങ്കിലും പാപത്തിൽ വീഴുന്നെങ്കിൽ അതിൻറെ കാരണം അയാൾ നിഗളിയാണ് എന്നതാണ്. നാം എന്തെങ്കിലും അവിവേകം ചെയ്യുമ്പോൾ, അതിനു കാരണം നിഗളമായിരുന്നെന്ന് നമുക്ക് കൃത്യമായി തീർച്ചപ്പെടുത്താം. നമ്മെ വീഴാതവണ്ണം സൂക്ഷിക്കുവാൻ കർത്താവിനു കഴിവുണ്ട് ( യൂദാ 24). അവിടുന്ന് എപ്രകാരമാണ് അതു ചെയ്യുന്നത്? നമ്മെ ഭൂമിയോളം താഴ്ത്തി!! നാം നിൽക്കുകയാണെങ്കിലും അല്ല ഇരിക്കുകയാണെങ്കിൽ പോലും നാം വീണുപോകാം. എന്നാൽ നമ്മുടെ മുഖത്തെ നിലത്തോളം താഴ്ത്തി കവിണ്ണു വീണു കിടക്കുകയാണെങ്കിൽ നമുക്ക് വീഴാൻ കഴിയുകയില്ല !! അതുകൊണ്ട് നാം വീഴാതിരിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ എല്ലായ്പോഴും നമ്മുടെ വായെ പൊടിയിൽ താഴ്ത്താം . ദൈവം എത്രയധികം നമ്മെ അനുഗ്രഹിക്കുന്നു എന്നതോ നമ്മെ എത്രയധികം ഉപയോഗിക്കുന്നു എന്നതോ കാര്യമല്ല. ദൈവത്തിൻറെ മുമ്പാകെ നമ്മുടെ നിസ്സാരത എത്രയാണെന്നകാര്യം നമ്മുടെ മനസ്സിൽ സൂക്ഷിക്കാം. അങ്ങനെ നാം ദൈവത്തിൻറെ ആരാധകരായി തീരും. അപ്പോൾ നാം ഒരിക്കലും വീഴുകയില്ല.

സദൃശ്യവാക്യങ്ങൾ 17:28 'മിണ്ടാതിരുന്നാൽ ഭോഷനെ പോലും ജ്ഞാനിയായി എണ്ണും' നിങ്ങൾ ഭോഷത്വമുള്ളവനാണ് എങ്കിലും മറ്റുള്ളവർ നിങ്ങളെ ജ്ഞാനിയായി എണ്ണണമെങ്കിൽ നിങ്ങൾ എന്താണ് ചെയ്യേണ്ടത്? നിങ്ങൾ വായടച്ചിരിക്കുക!! ' അയാൾ അപാരജ്ഞാനമുള്ള ഒരാളാണ്. അതുകൊണ്ടാണ് അയാൾ മൗനമായിരിക്കുന്നത്' എന്ന് ആളുകൾ കരുതും!! നിങ്ങൾ അവിടെ വായ് തുറന്നിരുന്നെങ്കിൽ, പെട്ടന്നു തന്നെ നിങ്ങൾ ഒരു വിഡ്ഡിയാണെന്ന് എല്ലാവരും അറിയുമായിരുന്നു. അതുകൊണ്ട് കേൾക്കാൻ വേഗതയും പറയുവാൻ താമസവും ഉള്ളവരായിരിക്കുക, പ്ര ത്യേകിച്ച് നിങ്ങൾ ചെറുപ്പവും ഭോഷത്വമുള്ളവനുമാണെങ്കിൽ. നമ്മുടെ സംസാരത്തിൽ നാം നിയന്ത്രിക്കപ്പെടുമ്പോൾ അവിടെ എന്തനുഗ്രഹങ്ങളാണുള്ളത്.

സദൃശ്യവാക്യങ്ങൾ 18:16 ' ഒരു മനുഷ്യൻറെ ദാനം അവനു വഴി തുറക്കുകയും മഹാന്മാരുടെ മുന്നിലേക്ക് അത് അവനെ ആനയിക്കുകയും ചെയ്യുന്നു'. ദൈവത്തിൻറെ ദാനത്തിലൂടെയാണ് അവിടുന്ന് നമുക്ക് സഭയിൽ ശുശ്രൂഷിക്കുവാനുള്ള അവസരം നൽകുന്നത്. ദൈവം നൽകിയ വരങ്ങളൊന്നും ഇല്ലാതെ അനേകർ ഇന്ന് സഭയിൽ സ്ഥാനത്തിനും മാനത്തിനും വേണ്ടി പോരാടുന്നതു കാണുന്നത് ദയനീയമാണ്. ഇപ്രകാരം പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നു, ' ആത്മീയവരങ്ങൾക്കായി, വിശേഷാൽ പ്രവചന വരത്തിനായി വാഞ്ചിപ്പിൻ' ( 1 കൊരി 14:1). പ്രവചിക്കുക എന്നാൽ വെല്ലു വിളിക്കുകയും, ബോദ്ധ്യപ്പെടുത്തുകയും, ആശ്വസിപ്പിക്കുകയും, ഉത്സാഹിപ്പിക്കുകയും, പണിയുകയും ചെയ്യത്തക്ക വിധത്തിൽ ദൈവവചനം സംസാരിക്കുക എന്നാണ് (1 കൊരി 14:3) ദൈവത്തിൻറെ ദാനങ്ങളെ വിലമതിക്കാത്തവർക്ക് അവിടുന്ന് അതു

നൽകുന്നില്ല. ദൈവത്തിൽ നിന്ന് ഒരു സന്ദേശമുള്ള ഒരാളെ കേൾക്കുവാൻ ആളുകൾ നൂറുകണക്കിന് മൈലുകൾ യാത്ര ചെയ്ത വരും. യോഹന്നാൻ സ്നാപകൻ മരുഭൂമിയിലായിരുന്നു എങ്കിലും യഹൂദിയായിൽ എല്ലായിടത്തു നിന്നും ആളുകൾ അദ്ദേഹത്തെ കേൾക്കുവാൻ പുറപ്പെട്ടുവന്നു, കാരണം സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു സന്ദേശം അദ്ദേഹത്തിനുണ്ടായിരുന്നു.